"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. തരുൺകുമാർ വി. ആർ, ഉപജില്ലാ വ്യവസായ ഓഫീസർ സമർപ്പിച്ച നിവേദനം തീർപ്പാക്കിയും അപ്രകാരം ഒ.എ. (EKM) 1485/2025-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29/09/2025-ലെ ഉത്തരവ് നടപ്പിൽ വരുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.995/2026/ID തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. 26/02/2011 -ലെ സ.ഉ. (അച്ചടി) നം. 60/2011/വ്യവ
2. 09/05/2019-ലെ ഡിഐഎസി/15289/2018-ഇ1 നമ്പർ നടപടിക്രമം
3. ശ്രീ. തരുൺകുമാർ വി. ആർ സർക്കാരിൽ സമർപ്പിച്ച 22/08/2025 തീയതി രേഖപ്പെടുത്തിയ നിവേദനം
4. ഒ.എ. (EKM) 1485/2025-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29/09/2025-ലെ ഉത്തരവ്
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 03/07/2026-ലെ ഡിഐഎസി/5518/2025-ഇ1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ വകുപ്പിൽ ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. തരുൺ കുമാർ. വി.ആർ., അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിന് പരാമർശം (2)-ലെ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച വ്യവസായ വികസന ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സീനിയർ ആയ തന്നെ മറികടന്ന് ജൂനിയർ ആയ ജീവനക്കാരിയ്ക്ക് സ്ഥാനക്കയറ്റം നൽകിയെന്നും, കോ-ഓപ്പറേറ്റീവ് സ്കീമിലേയ്ക്ക് പരിഗണിക്കപ്പെടുവാനുള്ള യോഗ്യത തനിക്കുണ്ടായിട്ടും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ സ്ഥാനക്കയറ്റം/നിയമനം നൽകണമെന്ന തന്റെ അപേക്ഷ പരിഗണിച്ചില്ല എന്നും ആകയാൽ തന്റെ വിദ്യാഭ്യാസ യോഗ്യത പരിഗണിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേയ്ക്ക് തന്റെ ജൂനിയറിന് നിയമനം നൽകിയ തീയതി പ്രാബല്യത്തിലെങ്കിലും നിയമനം നൽകി തന്റെ സീനിയോറിറ്റി സംരക്ഷിച്ച് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നൽകണം എന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ തന്റെ അപേക്ഷ പരിഗണിച്ച് അടിയന്തര തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 1485/2025 ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ പരാമർശം (4)-ലെ ഉത്തരവിൽ അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Annexure-A6 നിവേദനം പരിഗണിച്ച് അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ (എ) വകുപ്പ്

ഡെപ്യൂട്ടി സെക്രട്ടറി 13/08/2026-ന് ടിയാന്റെ അസൗകര്യം കണക്കിലെടുത്ത് അപേക്ഷകനെ വീഡിയോ കോൺഫറൻസ് മുഖേനയും വ്യവസായ വാണിജ്യ ഡയറക്ടറുടെ പ്രതിനിധിയെ നേരിട്ടും കേൾക്കുകയുണ്ടായി.

2. സൂചന (3) പ്രകാരം ടിയാൻ സമർപ്പിച്ച നിവേദനത്തിലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ ഫയൽ ചെയ്ത OA (EKM) 1485/2025-ലും ആവശ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ് ടിയാൻ ഹിയറിംഗ് വേളയിലും ഉന്നയിച്ചത്.

***ഹിയറിംഗിൽ ശ്രീ. തരുൺ കുമാർ. വി.ആർ. ബോധിപ്പിച്ച വിവരങ്ങൾ***

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച "Industries Extension Officer തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 38 ആയിരുന്ന തന്റെ വളരെ പിന്നിൽ ക്രമ നം. 69 ആയിരുന്ന ശ്രീമതി. ഹേമ. പി. ജോസഫിന് തന്നേക്കാൾ രണ്ട് വർഷം മുമ്പ് ഉപജില്ലാ വ്യവസായ ഓഫീസർ ആയി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്ന പേരിൽ സ്ഥാനക്കയറ്റം നൽകുകയും ആയതിന് ശേഷം Assistant District Industries Officer (ഉപജില്ലാ വ്യവസായ ഓഫീസർ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് Assistant District Industries Officer തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ചെയ്തു. Industries Extension Officer തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേരിനൊപ്പം commerce qualification അതായത് Diploma in Co-operative Management ഉൾപ്പെടുത്തിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ ഡിപ്ലോമയുള്ള തന്റെ അപേക്ഷ പരിഗണിച്ച് തനിക്ക് കോ-ഓപ്പറേറ്റീവ് സ്ട്രീമിൽപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം പരിഗണിക്കാതെ തന്റെ ജൂനിയർ ആയ ശ്രീ. മിഥുൻ ആനന്ദിന് കഴിഞ്ഞ വർഷം അസിസ്റ്റന്റ് രജിസ്ട്രാർ ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. തനിക്ക് നീതിയുക്തമായി ലഭിക്കേണ്ടുന്ന സ്ഥാനക്കയറ്റം ഇല്ലാതാവുകയും അപ്രകാരം അനീതി നേരിടേണ്ടി വരികയും ചെയ്തു. ആകയാൽ തന്റെ അപേക്ഷ പരിഗണിച്ച് തന്റെ ജൂനിയറിന് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകണം".

***ഡയറക്ടറുടെ പ്രതിനിധി ഹിയറിംഗിൽ അറിയിച്ച വിവരങ്ങൾ***

"വ്യവസായ വകുപ്പിലെ ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം വ്യവസായ വികസന ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികകളിലെ യോഗ്യരായവരിൽ നിന്നും 2:1 അനുപാതത്തിലാണ്. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ ഉള്ളവർ എണ്ണത്തിൽ കുറവാകയാൽ വ്യവസായ വികസന ഓഫീസർ തസ്തികയിൽ ഉള്ളവരേക്കാൾ മുമ്പ് ഉപജില്ലാ വ്യവസായ ഓഫീസർ ആകുന്നതാണ്. ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നവർ സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന കോ-ഓപ്പറേറ്റീവ് ബിരുദമുള്ളവർ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ നിയമിതരാവുകയും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ

അല്ലെങ്കിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേയ്ക്ക് നിയമനം നേടുകയും ചെയ്യും. ശ്രീമതി. ഹേമ. പി. ജോസഫ് സ്പെഷ്യൽ റൂൾ പ്രകാരമുള്ള ബിരുദത്തിന്റെ പിൻബലത്തിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടുകയാണ് ഉണ്ടായത്.

ശ്രീ. തരുൺ കുമാർ തനിക്ക് ഉണ്ടെന്നും സീനിയോറിറ്റി ലിസ്റ്റിൽ ചേർത്തിട്ടുണ്ടെന്നും അവകാശപ്പെടുന്ന ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ബിരുദം സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയല്ല. ഒരു ജീവനക്കാരന് ആർജിച്ചിട്ടുള്ള എല്ലാ ബിരുദങ്ങളും ടിയാൻ ആവശ്യപ്പെടുന്ന പക്ഷം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകാൻ സാധിക്കുകയില്ല. കൂടാതെ, അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേയ്ക്കുള്ള ഫീൽഡ് ഓഫ് ചോയ്സിലോ സെലക്ട് ലിസ്റ്റിലോ ടിയാന്റെ പേര് ഉൾപ്പെട്ടിരുന്നില്ല".

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ശ്രീ. തരുൺ കുമാർ വി.ആർ. നേടിയിട്ടുള്ള യോഗ്യതയായ Diploma in Management of Industries Co-operative Societies from Nagpur സ്പെഷ്യൽ റൂൾ പ്രകാരമുള്ള വിശേഷാൽ യോഗ്യതയല്ല. ആയതിനാൽ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ടിയാനെ പരിഗണിക്കാൻ കഴിയില്ല. അസ്സിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറി ആണ് ഉപജില്ലാ വ്യവസായ ഓഫീസർ, അസ്സിസ്റ്റന്റ് രജിസ്ട്രാർ എന്നീ തസ്തികകൾ. ഇവ രണ്ടും തുല്യ തസ്തികകളാണ്. Co-operation അധിക യോഗ്യത ഉള്ളവർക്കാണ് ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിൽ നിന്നും അസ്സിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേക്ക് നിയമനം നൽകുന്നത്. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കു സ്ഥാനക്കയറ്റത്തിനു ടിയാന് യോഗ്യതയുണ്ട് എന്നതിനാൽ ടി തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മാത്രമേ സീനിയോരിറ്റി അനുസരിച്ച് പ്രൊമോഷൻ നൽകുവാൻ കഴിയുകയുള്ളൂ

4. ശ്രീ. തരുൺ കുമാർ തനിക്ക് ഉണ്ട് എന്ന് അവകാശപ്പെടുന്ന കോ-ഓപ്പറേറ്റീവ് ബിരുദം സ്പെഷ്യൽ റൂൾ അനുശാസിക്കും പ്രകാരമുള്ളതല്ലാത്തതിനാൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള വിശേഷാൽ യോഗ്യതയുള്ളവർക്ക് ആയതിൻ പ്രകാരം ലഭിച്ച സ്ഥാനക്കയറ്റത്തിന് ആനുപാതികമായി തനിക്ക് സ്ഥാനക്കയറ്റം വേണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തരുൺ കുമാർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Annexure-A6 അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചും അപ്രകാരം OA (EKM) 1485/2025-ൽ പരാമർശം (4)-ലെ ഉത്തരവ് നടപ്പിൽ വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എർണാകുളം (ആമുഖ കത്ത് സഹിതം)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. തരുൺകുമാർ. വി. ആർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
Date: 21-08-2026
13:20:10

സെക്ഷൻ ഓഫീസർ